# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 646 — 11.06.2014-ൽ മറുപടിക്ക്

## ദേശീയ നഗര ആരോഗ്യ ദൗത്യം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുരളീധരൻ :<br>,, തേറമ്പിൽ രാമകൃഷ്ണൻ :<br>,, സി. പി. മുഹമ്മദ് :<br>,, റ്റി. എൻ. പ്രതാപൻ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ദേശീയ നഗര ആരോഗ്യ ദൗത്യം പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ ; | (എ) ഉണ്ട്. 2013-14 സാമ്പത്തിക വർഷത്തിൽ കേരളത്തിലെ 5 കോർപ്പറേഷനുകളിലും, 10 മുനിസിപ്പാലിറ്റികളിലും ദേശീയ നഗര ആരോഗ്യ ദൗത്യം പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (ബി)<br>* ഓരോ അമ്പതിനായിരം ജനസംഖ്യയ്ക്കും ഒരു പ്രാഥമികാരോഗ്യ കേന്ദ്രം എന്ന തോതിൽ ചേരി പ്രദേശങ്ങളിലെ 500 മീറ്റർ സമീപം വരെ ആരോഗ്യസേവനം എത്തിക്കുക.<br>* ഓരോ നഗര പ്രാഥമികാരോഗ്യ കേന്ദ്രത്തിനും എല്ലാ ദിവസവും ഔട്ട് പേഷ്യന്റ് ചികിത്സ ലഭ്യമാക്കുക.<br>* ലബോറട്ടറി സംവിധാനം ലഭ്യമാക്കുക.<br>* പ്രതിരോധ കുത്തിവെയ്പ് പരിപാടി.<br>* ആശുപത്രി കേന്ദ്രീകരിച്ചുള്ള നഴ്സിംഗ് പരിചരണം, സൗജന്യ മരുന്ന് വിതരണം.<br>* പ്രത്യേക ജീവിതശൈലീ രോഗ നിർണ്ണയ നിയന്ത്രണ ക്ലിനിക്കുകൾ<br>* പ്രത്യേക വയോജന സൗഹൃദ ക്ലിനിക്കുകൾ<br>* ഓരോ നഗര പ്രാഥമികാരോഗ്യ കേന്ദ്രത്തിലും 2 ഡോക്ടർമാർ, 3 സ്റ്റാഫ് നേഴ്സ്, 1 ഫാർമസിസ്റ്റ്, 1 ലബോറട്ടറി ടെക്നീഷ്യൻ, 2 ഇതര ജീവനക്കാർ എന്നിങ്ങനെ 9 ജീവനക്കാരുടെ സേവനമാണ് ലഭ്യമാക്കുക.<br>* ഓരോ പതിനായിരം ജനസംഖ്യയ്ക്കും ഒരു ജെ.പി.എച്ച്.എൻ -ന്റെ സേവനം ഉറപ്പാക്കുന്നതു വഴി മാതൃശിശു ആരോഗ്യ പരിപാടികൾ, ജീവിതശൈലി രോഗ നിയന്ത്രണ പരിപാടികൾ എന്നിവയ്ക്ക് മുൻതൂക്കം നൽകുവാൻ സാധിക്കുന്നു. |

(.....2)

(സി) ആരെല്ലാം മുഖേനയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്:

(സി) അതാത് നഗര ഭരണ പ്രദേശത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും, ദേശീയ ആരോഗ്യ ദൗത്യവും, ആരോഗ്യ വകുപ്പും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കി വരുന്നത്.

(ഡി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് പദ്ധതിക്ക് ലഭിക്കുന്നതെന്ന് വിശദമാക്കാമോ ?

(ഡി) 2014-15 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള ധനസഹായത്തിനായി പദ്ധതി തയ്യാറാക്കി ഭാരതസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

* നഗര ആരോഗ്യ പദ്ധതി നടപ്പിലാക്കേണ്ടതായ നഗരങ്ങളുടേയും, ചേരിപ്രദേശങ്ങളേയും ലിസ്റ്റ് ചെയ്യുകയും അവയുടെ ഭൂപടങ്ങൾ തയ്യാറാക്കുകയും ചെയ്യുക.
* സംസ്ഥാന, ജില്ലാ, നഗര തലങ്ങളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ ഘടന/സൗകര്യങ്ങൾ സൃഷ്ടിക്കുക അല്ലെങ്കിൽ നിലവിലുള്ള സംവിധാനങ്ങളെ ശാക്തീകരിക്കുക.
* നഗര ആരോഗ്യ പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ജീവനക്കാരുടെ കാര്യനിർവ്വഹണ ശേഷി പരിശീലനങ്ങൾ നൽകി ശാക്തീകരിക്കുന്നതിനുള്ള ധനസഹായം.
* നിലവിലുള്ള ആരോഗ്യ സേവനങ്ങൾ ശാക്തീകരിക്കുക.
* പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനായുള്ള ധനസഹായം.
* പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള ധനസഹായം.
* സ്വതന്ത്രവിനിയോഗ ഫണ്ടുകൾക്കായുള്ള ധനാഭ്യർത്ഥന.
* ആവശ്യമായ മരുന്നുകളും സാധനസാമഗ്രികളും വാങ്ങുന്നതിനും വിതരണം ചെയ്യുന്നതിനാവശ്യമായ ധനസഹായം.
* സമൂഹത്തിന്റെ അടിത്തട്ടിലേക്ക് സേവനങ്ങൾ ലഭ്യമാക്കുന്നതിനായുള്ള സംവിധാനങ്ങൾ നടപ്പിലാക്കുന്നതിനാവശ്യമായ ധനസഹായം.
* പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനും, വിലയിരുത്തലിനും ആവശ്യമായ ധനസഹായം.

സെക്ഷൻ ഓഫീസർ